# കേരള സർവകലാശാല

നം.പി.ആർ.001/2017 ഫോൺ : 2305738

## എം.എഫ്.എ പരീക്ഷ

കേരള സർവകലാശാല ജനുവരി 16-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫൈൻ ആർട്സ് (എം.എഫ്.എ) പെയ്ന്റിംഗ് ആൻഡ് സ്കൾപ്ച്ചർ പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 7 (50 രൂപ പിഴയോടെ ജനുവരി 9, 250 രൂപ പിഴയോടെ ജനുവരി 10) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഹിസ്റ്ററി പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ പഠനവിഭാഗം 2016 ജൂലൈ/ആഗസ്റ്റ് മാസം നടത്തിയ എം.എ ഹിസ്റ്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അന്താരാഷ്ട്ര സമ്മേളനം

കേരള സർവകലാശാല നിയമപഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആഗോളവൽക്കരണത്തിന്റെ സ്വാധീനം മനുഷ്യാവകാശങ്ങളിൽ എന്ന വിഷയത്തിൽ ജനുവരി 5,6,7 തീയതികളിൽ നടക്കുന്ന അന്തരാഷ്ട്ര സമ്മേളനത്തിൽ ഹാർവാർഡ് സർവകലാശാലയിലെ ഡോ.സമുവൽ മോയിൻ മുഖ്യപ്രഭാഷണം നടത്തും. പ്രൊ.വൈസ് ചാൻസിലർ ഡോ.എൻ.വീരമണികണ്ഠൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങ് ബാംഗ്ലൂർ നാഷ്ണൽ ലോ സ്കൂൾ വൈസ്ചാൻസിലർ ഡോ.ആർ. വെങ്കിട്ടറാവു ഉദ്ഘാടനം ചെയ്യും.ജനുവരി 7 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ ജസ്റ്റിസ് ടി.ആർ.രാമചന്ദ്രൻ നായർ മുഖ്യാതിഥിയായിരിക്കും. കൊച്ചി നാഷ്ണൽ യുണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ-സ്റ്റഡീസിലെ മുൻ വൈസ് ചാൻസിലർ ഡോ.എൻ.കെ.ജയകുമാർ അദ്ധ്യക്ഷത വഹിക്കും.

## എം.ഫിൽപരീക്ഷാഫലം

കേരള സർവകലാശാല 2015-2016 ബാച്ച് എം.ഫിൽ നാനോസയൻസ് ആന്റ് നാനോടെക്നോളജി (കാര്യവട്ടം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ എംഫിൽ (ഇന്റർ ഡിസ്സിപ്ലിനറി) കമ്പ്യൂട്ടർ എയ്ഡഡ് ഡ്രഗ് ഡിസൈൻ (2015-2016, സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ എംഫിൽ (ഇന്റർ ഡിസ്സിപ്ലിനറി) ബയോഇൻഫോർമാറ്റിക്സ് (2015-2016, സി.എസ്.എസ്, കാര്യവട്ടം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## കോളേജ് മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലക്ക് കീഴിലുള്ള കോളേജുകളിലെ രണ്ടാം സെമസ്റ്റർ പി.ജി കോഴ്സുകളുടെ(2016-2017) കോളേജ് മാറ്റത്തിനുള്ള അപേക്ഷ

ക്ഷണിച്ചു. അവസാന തിയതി 2017 ജനുവരി 17. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഇംഗ്ലീഷിൽ പ്രോജക്ട് ഫെല്ലോ ഒഴിവ്

കേരള സർവകലാശാല ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഇംഗ്ലീഷിൽ രണ്ട് പ്രോജക്ട് ഫെല്ലോകളുടെ ഒഴിവുണ്ട്.ഗവേഷണത്തിന്റെ മുഖ്യ വിഷയം "ലിറ്ററേച്ചർ ആൻഡ് കൾച്ചറൽ സ്റ്റഡീസ് ദ കേരള എക്സ്പീരിയൻസ്" അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത ഇംഗ്ലീഷ് ബിരുദാനന്തര ബിരുദത്തിലോ എം.ഫില്ലിലോ സെക്കന്റ് ക്ലാസ്.അവസാന തിയതി ജനുവരി 16 വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

03.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098